പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4710 05.02.2014-ൽ മറുപടിയ്ക്ക്

# കലാകാരൻമാർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു. | കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും, സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

(എ) അവശത അനുഭവിക്കുന്ന കലാകാരൻമാർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(എ) അവശത അനുഭവിക്കുന്ന കലാകാരൻമാർക്ക് പ്രതിമാസം 650/- രൂപ നിരക്കിൽ കലാകാര പെൻഷനും കൂടാതെ അർഹരായവർക്ക് ചികിത്സാ ധനസഹായവും നൽകുന്നുണ്ട്.

(ബി) കലാകാരപെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) 50 വയസ്സിനു മുകളിൽ പ്രായമുള്ളവരും പ്രതിമാസം 750/- രൂപ വരെ വരുമാനവുമുള്ള കലാകാരൻമാർക്കാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്. കലാകാരൻമാർ വയസ്സ്, വരുമാനം, കലാരംഗം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം അതത് അക്കാദമിയിലേക്ക് അപേക്ഷ അയയ്ക്കുകയും അക്കാദമിയുടെ ശുപാർശ പ്രകാരം ആയത് സർക്കാർ പരിഗണിയ്ക്കുകയും ചെയ്യുന്നു.

(സി) നിലവിൽ കലാകാര പെൻഷൻ പ്രതിമാസം എത്രയാണ്; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; കേന്ദ്ര സർക്കാർ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നുണ്ടോ;

(സി) നിലവിൽ കലാകാര പെൻഷൻ പ്രതിമാസം 650/- രൂപ ആണ്. നിലവിലുള്ള പെൻഷൻ വർദ്ധിപ്പിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുണ്ട്. കേന്ദ്ര സർക്കാർ കലാകാരൻമാർക്ക് പെൻഷൻ നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ഡി) എങ്കിൽ പ്രതിമാസ പെൻഷൻ എത്രയെന്ന് വ്യക്തമാക്കുമോ; ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാ

(ഡി) കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും പ്രതിമാസ ധനസഹായം നൽകുന്ന കേന്ദ്ര സംസ്ഥാന കലാകാരപെൻഷൻ പദ്ധതിയിൽ കേന്ദ്ര സർക്കാർ 3500 രൂപയും സംസ്ഥാന സർക്കാർ 500 രൂപയും

ക്കാമോ ?

ആണ് നല്കി വരുന്നത്. 58 വയസിന് മുകളിൽ പ്രായവും പ്രതിമാസം 4000 രൂപയിൽ കവിയാത്ത വരുമാനവുമുള്ള കലാകാരൻമാർക്കും സാഹിത്യകാരൻ മാർക്കും ആണ് ഈ പദ്ധതി വഴി ധനസഹായം നൽകുന്നത്. സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്നവരിൽ നിന്നും നേരിട്ട് അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്നും കേന്ദ്ര സർക്കാരാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

Deepa

സെക്ഷൻ ഓഫീസർ